**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 324** **28-06-2024 - ൽ മറുപടിയ്ക്ക്**

**കുവൈറ്റ് ദുരന്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എ. രാജ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സമീപകാലത്ത് ഗൾഫുനാട്ടുകളിലുണ്ടായ ഏറ്റവും വലിയ തീപിടിത്തം എന്ന നിലയിൽ കുവൈറ്റ് ദുരന്തത്തെ ഗൗരവമായിക്കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ദുരന്ത പശ്ചാത്തലത്തിൽ കുവൈറ്റ് സർക്കാരുമായി ബന്ധപ്പെട്ട് നോർക്ക റൂട്ട്സ് വഴി എന്തെല്ലാം ഏകോപന- ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കുവൈറ്റിലെ മംഗെഫിൽ NBTC കമ്പനിയിലെ തൊഴിലാളികൾ താമസിച്ചിരുന്ന ഫ്ലാറ്റിലുണ്ടായ അഗ്നിബാധയിൽ മലയാളികളായ 24 പ്രവാസികൾ മരണപ്പെട്ടിരുന്നു. 45 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. അപകട വാർത്ത അറിഞ്ഞയുടനെ ലോക കേരള സഭ മെമ്പർമാരുടെയും കുവൈറ്റിലെ മലയാളി അസോസിയേഷനുകളുടെയും സഹകരണത്തോടെ കുവൈറ്റിൽ നോർക്കയുടെ ഹെല്പ് ഡെസ്ക് ആരംഭിച്ചു. അതോടൊപ്പം 24 മണിക്കൂർ പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിൽ പ്രത്യേക കുവൈറ്റ് സപ്പോർട്ട് ഡെസ്കും ആരംഭിച്ചു. കുവൈറ്റിൽ നിന്നും ലഭ്യമായ വിവരങ്ങൾ കുവൈറ്റ് ഹെല്പ് ഡെസ്കിന്റെ ഡെഡിക്കേറ്റഡ് ഫോൺ നമ്പറിലൂടെ അപ്പപ്പോൾ തന്നെ ബന്ധപ്പെട്ട കുടുംബങ്ങൾക്കും മാധ്യമങ്ങൾക്കും നൽകിയിരുന്നു. മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയെ കുവൈറ്റിലേക്ക് അയക്കാൻ തീരുമാനിക്കുകയും കേന്ദ്ര സർക്കാരിന്റെ അനുമതി തേടുകയും ചെയ്തു. ഇക്കാര്യത്തിന് മുഖ്യമന്ത്രി കത്ത് അയക്കുകയും ചെയ്തു.<br><br>നോർക്കയുടെ കുവൈറ്റ് ഹെൽപ് ഡെസ്ക് ഇന്ത്യൻ എംബസ്സിയുടെ നേതൃത്വത്തിൽ പരിക്കേറ്റവർക്ക് സഹായം എത്തിക്കുന്നതിനും മരണമടഞ്ഞ പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിൽ കൊണ്ടുവരുന്ന പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം വഹിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ എംബസ്സിയുടെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെ 14/06/2024-ന് രാവിലെ മരണമടഞ്ഞ പ്രവാസികളുടെ ഭൗതിക ശരീരം കൊച്ചി വിമാനത്താവളത്തിലെത്തിക്കുകയും അവിടെ നിന്ന് നോർക്കയുടെ ആംബുലൻസ് സേവന പദ്ധതിയിൻ കീഴിൽ ഭൗതിക ശരീരങ്ങൾ അവരുടെ വീടുകളിൽ എത്തിക്കുകയും ചെയ്തു. സർക്കാർ മരണപ്പെട്ട പ്രവാസി മലയാളിയുടെ കുടുംബത്തിന് 5 ലക്ഷം രൂപയും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് 1 ലക്ഷം രൂപയും അടിയന്തിര സഹായധനം നൽകുവാൻ തീരുമാനിച്ചു. സർക്കാർ സഹായത്തിന് പുറമെ നോർക്ക റൂട്ട്സിന്റെ വൈസ് ചെയർമാൻ ശ്രീ.എം.എ യൂസഫ് അലി 5 ലക്ഷം രൂപയും, നോർക്ക റൂട്ട്സ് ഡയറക്ടർ ശ്രീ.രവി പിള്ള, ശ്രീ.ജെ.കെ മേനോൻ എന്നിവർ 2 ലക്ഷം രൂപ വീതവും, അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനയായ, ഫൊക്കാന പ്രസിഡന്റ് ഡോക്ടർ ബാബു സ്റ്റീഫൻ 2 ലക്ഷം രൂപയും മരണപ്പെട്ട കുടുംബങ്ങൾക്ക് നൽകാമെന്ന് മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. |
| (സി) | ദുരന്തത്തിൽ ഇതുവരെ എത്ര മലയാളികൾ മരണപ്പെട്ടിട്ടുണ്ട്; അവരിൽ എത്ര പേരുടെ മൃതശരീരം നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്; അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവരുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ദുരന്തത്തിൽ ഇതുവരെ 24 മലയാളികൾ മരണപ്പെട്ടു. അവരിൽ എല്ലാവരുടെയും ഭൗതിക ശരീരം നാട്ടിൽ എത്തിച്ചു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞതും / ഇപ്പോൾ കഴിയുന്നവരുമായ 16 മലയാളികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ഇതിനകം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | സർക്കാർ, മരണപ്പെട്ട പ്രവാസി മലയാളിയുടെ കുടുംബത്തിന് 5 ലക്ഷം രൂപയും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് 1 ലക്ഷം രൂപയും വീതം അടിയന്തിര സഹായധനം നൽകുവാൻ തീരുമാനിച്ചു. കൂടാതെ അർഹരായവർക്ക് നോർക്കയുടെ സാന്ത്വന പദ്ധതി, എൻ.ആർ.കെ ID കാർഡ് പദ്ധതി വഴിയും, മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ചികിത്സയിൽ കഴിഞ്ഞതും/ കഴിയുന്ന മലയാളികളുടെ വിവരങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|
| No | Name | Status | Hospital | Ward | Passport No | State | Current Status |
| 1 | PRAISON ROBY PETER | Hospital | Al Adan | Surgical Ward 14 B15 | Z4009944 | Kerala | Under Treatment |
| 2 | SABEER PANIKASSERY AMEER | Hospital | Al Adan | Ward 22 Bed No 22 | T4680084 | Kerala | Discharged |
| 3 | ALEX JACOB VANDANATHUVA YALIL JOSE | Hospital | Al Adan | Medical Ward 21 B35 | U5205456 | Kerala | Discharged |
| 4 | JOEL CHAKKALAYIL REJI | Hospital | Al Adan | Medical Ward B 32 | 51899088 | Kerala | Discharged |
| 5 | THOMAS CHACKO JOSEPH | Hospital | Al Adan | Ortho ward 18 B 24 | Z4824563 | Kerala | Under Treatment |
| 6 | ANANDU VIKRAMAN | Hospital | Al Adan | Ward 22 Bed 35 | R4632206 | Kerala | Discharged |
| 7 | NALINAKSHAN THAZATH VALAPPIL | Hospital | Mubarak | Ward 15 | W4660505 | Kerala | Discharged |
| 8 | ANIL KUMAR KRISHNASADAN AM KRISHNAPILLAI | Hospital | Mubarak | Ward 10, Room 16 - Bed 04 | V3754375 | Kerala | Discharged |
| 9 | ROJAN MADAYIL RAJU | Hospital | Mubarak | Ward 14, Room 15 - Bed 02 | T8283068 | Kerala | Discharged |
| 10 | FAISAL MUHAMED | Hospital | Mubarak | Ward 14 Room 15 - Bed 01 | T8211715 | Kerala | Discharged |
| 11 | GOPU PUTHUKKERIL KOMALAN | Hospital | Mubarak | Ward 14, Room 15 - Bed 04 | R8279529 | Kerala | Discharged |
| 12 | SURESHKUMAR NARAYANA PILLAI | Hospital | Jaber | ICU ( C ) - 8, First Floor | W0770924 | Kerala | Under Treatment |
| 13 | DANY THOMAS SEBASTAIN | Hospital | Jaber | ICU ( C ) - 11, First Floor | N8331892 | Kerala | Under Treatment |
| 14 | REJI ISAC | Hospital | Jahra | C5 B3 | W0257293 | Kerala | Discharged |
| 15 | ANIL MATHAI MANNARUPARA MPIL ( 5914 ) | Hospital | Jahra | C 5 Bed 5 | R7705911 | Kerala | Discharged |
| 16 | SARATH MEPPARAMBIL | Hospital | Farwaniya | G6 BED 5A | N4317813 | Kerala | Discharged |